പട്ടികജാതി/വർഗ്ഗ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷൻ

670 [966] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി പട്ടിക ജാതി/വർഗ്ഗ സഹകരണ സംഘങ്ങളുടെ ഒരു അപ്പെക്സ് ഫെഡറേഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെന്നു വിശദമാക്കുമോ;

(സി) ഹരിജൻ സഹകരണ സംഘങ്ങൾക്ക് 4 ശതമാനം പലിശക്ക് കടം കൊടുക്കുവാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൈമറി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക, പ്രൈമറി സംഘങ്ങളുടെ പൊതുവായ നേതൃത്വം വഹിക്കുക, അവയുടെ മേലന്വേഷണവും പരിശോധനയും കൂടുതൽ ശക്തമാക്കുക എന്നിവയാണ് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഇല്ല.

ഗിരിവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ടുപോയ ഭൂമി

671 [968] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗക്കാർക്ക് അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചുകിട്ടുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതിക്കാരുടെ അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചുകിട്ടുന്നതിനുവേണ്ടിയാണ് 1975-ലെ പട്ടികജാതിക്കാരുടെ (ഭൂമി തിരികെ കൊടുക്കുന്നതും ഭൂമി കൈമാറ്റം നിയന്ത്രിക്കുന്നതും) സംബന്ധിച്ച നിയമം പാസാക്കിയിട്ടുള്ളത്. പക്ഷെ ഈ നിയമം നടപ്പിലാക്കുന്നതിനു മുമ്പ് ഇൻഡ്യാ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള ചില ഭേദഗതികൾ കൂടി വരുത്തേണ്ടതുകൊണ്ട് അതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly